

TUESDAY 17-05-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/05/2022.

1. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

2. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വച്ച് **ഇന്ന്** (മെയ് 17) നടക്കുന്ന പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരിശോധനാഫലത്തോടൊപ്പം ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ മണ്ണാരോഗ്യകാർഡ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468-2323105** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

4. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം നാളെ (മേയ് 18) മുതൽ ആരംഭിക്കുന്നു. കെപ്കോ ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡ് ലഭിക്കുന്നതിനായി 2021 നവംബർ, ഡിസംബർ മാസങ്ങളിൽ അപേക്ഷ നൽകിയിട്ടും പാൽക്കാർഡ് ലഭിക്കാത്ത ഗുണഭോക്താക്കൾക്കുള്ള പാൽക്കാർഡ് വിതരണം **ഈ മാസം 21 വരെ** (മെയ് 21 വരെ) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ നൽകുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 7.30 മുതൽ 7.45 വരെയും വൈകുന്നേരം 3.15 മുതൽ 3.30 വരെയും ഫാം മിൽക്ക് ബൂത്തിൽ നിന്നും ഒരു ലിറ്ററിന് 46 രൂപ നിരക്കിൽ പാൽ വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ചെറ്റച്ചൽ ഫാമിൽ നിന്നും വനരാജ, ഗ്രാമപ്രിയ, ശ്രീനിധി എന്നീ കോഴിക്കുഞ്ഞുങ്ങൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. പൂവനും പിടയും തരം തിരിക്കാത്ത കുഞ്ഞ് ഒന്നിന് 18 രൂപയാണ് വില. താത്പര്യമുള്ളവർ **9846443968, 8592085878, 9845491459, 9074617392** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മേലെ പട്ടാമ്പി തെക്കുമുറിയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും **ഈ മാസം 19** -ന് (മേയ് 19) രാവിലെ 10 മണി മുതൽ ആൺ പെൺ വേർതിരിക്കാത്ത ഒരു മാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0466-2912008, 0466-2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ആനന്ദഗ്രാമം പദ്ധതി**യിലേയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ **പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ** എന്നിവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ നടത്തുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ **ഈ മാസം 25-ന് (മേയ് 25)** മുമ്പായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും **9447863474** എന്ന നമ്പരിൽ കാട്ടാക്കട സീനിയർ വെറ്ററിനറി സർജനുമായി ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **18,19 തീയതികളിൽ ഓമനപ്പക്ഷി പരിപാലനം, 23,24 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം